LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

**കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി**

39 (1378) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കാർഷിക വിളകളെയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് എന്തു തുക ആനുകൂല്യമായി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ കൂടുതൽ വിളകളെ ഉൾപ്പെടുത്തുന്നതിനും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം *ആയി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 21 വർഷത്തിനുശേഷം ഇപ്പോഴാണ് ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുള്ളത്. പുതുക്കിയതു പ്രകാരം ഇരട്ടി മുതൽ 13 ഇരട്ടിവരെയാണ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.